(സി) ബിൽ പ്രകാരം, വൈദ്യുതി വിതരണ രംഗം വിഭജിക്കപ്പെടുകയും വിതരണ ശൃംഗലയുടെ ചുമതല വിതരണ ലൈസൻസികൾക്കും, യഥാർത്ഥ ക്രയവിക്രയ ചുമതല സപ്ലൈ ലൈസൻസികൾക്കും ആയിത്തീരുകയും ചെയ്യും. സപ്ലൈ ലൈസൻസികൾക്ക് നിലവിലുള്ള ശൃംഗലയിൽ കൂടി വൈദ്യുതി കടത്തി വിടുന്നതിനും, വിൽക്കുന്നതിനുമുള്ള അവകാശം ലഭിക്കും. ഉപഭോക്താവിന് വൈദ്യുതി എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം സപ്ലൈ ലൈസൻസികൾക്കായിരിക്കും. എന്നാൽ ഒരു വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിന് സപ്ലൈ ലൈസൻസി ഇല്ലാതെ വന്നാൽ ഡിസ്ട്രിബ്യൂഷൻ ലൈസൻസി അവർക്ക് സപ്ലൈ നൽകണം.

ടി നയങ്ങളുടെ ഫലമായി സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതി വിതരണ സ്ഥാപനങ്ങൾ ലൈനുകളുടെയും, പ്രതിഷ്ഠാപനങ്ങളുടെയും ഉടമസ്ഥർ മാത്രമായി മാറും. കെ.എസ്.ഇ.ബി ലിമിറ്റഡിന് സപ്ലേ ലൈസൻസിയായും പ്രവർത്തിക്കാവുന്നതാണ്. എന്നാൽ മറ്റ് സ്വകാര്യ സപ്ലേ ലൈസൻസികൾക്കും അതേ മേഖലയിൽ പ്രവർത്തിക്കുന്നതിന് അനുമതിയുണ്ട്.

**ആധുനിക ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതികൾ**

24 (*654) <u>ശ്രീ. എം. രാജഗോപാലൻ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ചെറുകിട വ്യവസായ സംരംഭങ്ങളെ സഹായിക്കാൻ ഒരു അന്തർദേശീയ ഹബ്ബ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പുതിയ ചെറുകിട വ്യവസായ സംരംഭകർക്ക് മൂലധന പിന്തുണ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സംരംഭകരെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും, അതുവഴി കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി വഴി സാമ്പത്തിക സഹായം സർക്കാർ നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും, അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായങ്ങളുടെ നടത്തിപ്പിനായുള്ള ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലത്തിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

(ബി) കേരളത്തിലെ ഫർണിച്ചർ മേഖലയിലുള്ള ചെറുകിട വ്യവസായ സംരംഭങ്ങളെ സഹായിക്കാനായി ഒരു അന്തർദേശീയ ഫർണിച്ചർ ഹബ് സ്ഥാപിക്കാനായുള്ള പദ്ധതികൾക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി നിലവിൽ കൊരട്ടിയിൽ സ്ഥാപിക്കാനായുള്ള സ്ഥലം കൺസോഷ്യം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്തിന്റെ പ്രാഥമിക ക്ലിയറൻസിനുള്ള നടപടികൾ നടന്നു വരികയാണ്.

(സി) സംരംഭകത്വ സഹായ പദ്ധതിപ്രകാരം പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു (പരമാവധി 20 ലക്ഷം രൂപ). വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു (പരമാവധി 30 ലക്ഷം രൂപ). മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10%(പരമാവധി 10 ലക്ഷം രൂപ) അധികസഹായം നൽകി വരുന്നു. ധനസഹായവും അധിക ധനസഹായവും ചേർത്ത് എല്ലാ, സാമൂഹിക വിഭാഗങ്ങളിലുംപെട്ടവർക്ക് (ജനറൽ വുമൺ, യൂത്ത്, എസ്.സി/എസ്.ടി) പരമാവധി അനുവദിക്കുന്ന തുക 30 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly